റാവു സാഹിബ്ബ് സി. ജെ. മാത്യു:

(എ) സൌജന്യ വിതരണത്തിന്നായി ഡന്യ—ൻ—ഡ ഫ—ൽ ഫന്യ ം റാത്തൽ തൂക്കംവീതമുള്ള ൭ (എഴ്) ചാക്കുവളം കൊടുത്തിട്ടുണ്ട്. ഡ ങ— ഫ ഫ—ഡ ഫ വരെ വിതരണം ചെയ്തിട്ടില്ല.

മിസ്റ്റർ ജോസ്. കെ. വട്ടീസ്സ്: ഈ രണ്ടുമാസക്കാലം വളം വിതരണം ചെയ്യാതിരുന്നതിന്നു് വല്ല action-ം എടുത്തിട്ടുണ്ടൊ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: വളം വിതരണം ചെയ്തിട്ടില്ലെന്നു് ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം വന്നപ്പോഴാണു് ഗവമ്മെണ്ടു് അറിഞ്ഞിട്ടുള്ളതു്. അപ്പോഴാണു് അതിനെപ്പറ്റി action എടുത്തതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: അതിനെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടെന്നാണൊ പറഞ്ഞതു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ഈ question കിട്ടിയപ്പോൾ അതിനെപ്പറ്റി നടപടിയെടുത്തിട്ടുണ്ടെന്നാണു് പറഞ്ഞതു്.

മിസ്റ്റർ ജോസ് കെ. വട്ടീസ്സ്: അതുരാണു് പഞ്ചായത്തു പ്രസിഡണ്ടു്?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അതിനെപ്പറ്റി ഒന്നും അറിവില്ല. I want notice.

Mr. P. A. Mohamad Ashroff *(Cranganur)*: When did the Government get the answer to this question?

Rao Sahib C. J. Mathew *(Secretary to Government)*: Only very recently; only a week back or so.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പഞ്ചായത്തുകാരോടു് ചോദിച്ചാൽ അറിഞ്ഞുകൂടെ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ചോദിച്ചാൽ അറിയാം.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: വിതരണം ചെയ്യുത്തക്ക സ്റ്റോക്ക് ഉണ്ടായിരുന്നുവോ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ഏഴ ചാക്കു് കൊടുത്തിട്ടുണ്ടായിരുന്നു. അതു വിതരണം ചെയ്യാമായിരുന്നുവല്ലൊ.

APPLICATIONS—TRANSFER OF REGISTRY—REVENUE DEPARTMENT

355. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു മറുപടി പറയുമോ.—

(എ) Revenue Department-ൽഅഞ്ചു കൊല്ലത്തിൽ അധികം കാലപ്പഴക്കമുള്ള ജമമാറ്റ ഹരജികൾ എത്ര നിലവിലുണ്ടു്;

(ബി) ഇന്നു നിലവിലുള്ള ജമമാറ്റ ഹർജികൾ എത്ര കൊല്ലം വീതം പഴക്കം ഉള്ളതാണു്?

റാവു സാഹിബ്ബ് എ. മാധവപ്രഭു:

(എ) ഡ ഫ ൭.

(ബി) ഫ. അഞ്ചുകൊല്ലത്തിലധികം പഴക്കമുള്ളവ ഡ ഫ ൭.

ഡ. അഞ്ചുകൊല്ലം പഴക്കമുള്ളവ ഡ ന വു.

ന. നാലുകൊല്ലം പഴക്കമുള്ളവ ന ങ ർ.

ർ. മൂന്നുകൊല്ലം പഴക്കമുള്ളവ ഫ റ ങ ങ.

ങ. രണ്ടുകൊല്ലം പഴക്കമുള്ളവ ഫ ങ ഡ ൭.

ന്യ. ഒരുകൊല്ലം പഴക്കമുള്ളവ ഡ ൭ ങ ങ.

മിസ്റ്റർ ജോസ് കെ. വട്ടീസ്സ്: ഒരു കൊല്ലത്തിലധികം പഴക്കമുള്ള ഹർജികൾ നാലായിരത്തിലധികമുണ്ടു്. ഇത്രവളരെ ബാക്കി വരുവാൻ കാരണമെന്താണു്?

റാവു സാഹിബ്ബ് എ. മാധവപ്രഭു: രണ്ടുകൊല്ലത്തിൽ കുറഞ്ഞു് സാധാരണ disposal സാദ്ധ്യമല്ല. അതു് വില്ലേജുകാരുടേയൊ ഡിപ്പാർട്ടുമെണ്ടിന്റേയൊ കുറവല്ല. ഭാഗം കഴിഞ്ഞിട്ടുള്ള കേസ്സുകളിൽ ചിലതൊക്കെ ഒപ്പിടേണ്ട ആളുകൾ ഇവിടെ ഉണ്ടാകയില്ല. ഒന്നുകിൽ ബ്രിട്ടീഷ്ഭാഗത്തിൽ, അല്ലെങ്കിൽ തിരുവിതാംകൂറിൽ, അതല്ലെങ്കിൽ മറുവല്ല ദിക്കുകളിലുമാ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കും. അങ്ങിനെ അവരുടെ കുറ്റുകൾ കിട്ടാതെ ജമ മാറ്റുവാനും സാദ്ധ്യമല്ല. പിന്നെ ടി. ആർ. കേസ്സുകളിൽ ഹർജി കൊടുത്താൽ അവരുടെ ഡ്യൂട്ടി കഴിഞ്ഞു എന്നാണ് കക്ഷി കൾ വിചാരിക്കുന്നതു്. എന്നാൽ അവരും ഇക്കാര്യത്തിൽ സഹായിച്ചിട്ടില്ലെന്നു് വരുന്ന പക്ഷം അതു എളുപ്പത്തിൽ കാട്ടും അവസാനിപ്പിക്കുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഒരു കൊല്ലമോ രണ്ടു കൊല്ലമോ കഴിഞ്ഞേ ജമ മാറ്റുവാൻ സാധിക്കുകയുള്ളു എന്നു പറഞ്ഞു. ചിലതു് അതിനു മുമ്പും കഴിഞ്ഞതായി കാണുന്നുണ്ടു്. അതെങ്ങിനെയാണു്?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: Suppose no subdivisions of property is necessary, one item is sold by X to Y, not much work is necessary, only a change of name in the patta. Suppose it is included in another patta and or is one of the items included in a patta which contains 200 items. For transferring a patta we must get the old patta. People take their own time to produce these things. Therefore, it is impossible for us to do it. If nothing else is necessary than granting one patta, if it is only a transfer from one person to another, there is no difficulty at all; we do it at once.

മിസ്റ്റർ പി. ശങ്കരമേനോൻ: അഞ്ചു കൊല്ലത്തിലധികം എന്നു പറഞ്ഞുവല്ലൊ. അതിൽ കൂടിയ കേസ്സുകളും ധാരാളം ഉണ്ടൊ?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: I want notice. One case I do remember. There is a case pending in the High Court during the pendency of which an application for transfer of registry has been received: the transfer is stayed as the case is not yet disposed of. Twice or thrice the case had a journey from court to court. The matter has been pending for 9 years.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അപേക്ഷകന്മാർ നല്ല ജാഗ്രത കാണിക്കുകയാണെങ്കിൽ എതാനും ദിവസങ്ങൾക്കുള്ളിൽ ജമ മാറ്റുവാൻ സാദ്ധ്യമാണോ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: സാദ്ധ്യമല്ല. Because they have got other work.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഒരുപക്ഷെ വല്ലതും കൊടുത്താൽ മാറ്റിക്കിട്ടി എന്നുവരില്ലേ?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: I dont know.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതിന്റെ ആവശ്യക്കാർ അറിയാത്തതുകൊണ്ടാണു് താമസം എന്നു പറഞ്ഞുവല്ലൊ. അതു് ഗസറ്റിൽ നോട്ടിഫിക്കേഷൻ കഴിഞ്ഞാൽ അത്ര താമസം വരുമോ?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: Gazette notification is not necessary in matters of this type. There are specific rules laid own about the procedure in these cases.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ സബ്ബ്ഡിവിഷൻ ഇല്ലാത്തതു് എത്ര മാസംകൊണ്ടു സാധിക്കും?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: As I said, in the cases in which no sub-division is necessary there is no delay. A statement signed by the person in whose name it has to be transferred has to be given to us. If the man is not available here for giving that signed statement, it will depend upon the time taken to get it signed. Suppose he is in British India, in Bombay. The fact is, nobody helps us in getting the signed statements. This accounts for the delay.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പർവ്വതക്കാരന്റെയൊ വില്ലജ് മേനോന്റെയൊ വീട്ടിൽ പോയാൽ ജമമാറിത്തരാൻ വേഗം സാധിക്കുകയില്ലേ?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: If a complaint is put in stating that, of course, I shall make enquiries. Such bald allegations, it is not poassible to act upon.

മിസ്റ്റർ പി. ശങ്കരമേനോൻ: സെറ്റിൽമെണ്ടു രജിസ്റ്ററിന്റെ പകർപ്പെടുക്കുവാൻ എന്താണ് ഇത്ര താമസം?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: This is not a case with reference to the granting of copies of the Settlement Register.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ജമ മാറ്റുന്നതിനു് ഒരു മാമൂൽസമ്പ്രദായമുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib A. Madhava Prabhu *(Diwan Peishkar)*: I am not aware.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know whether applications for transfer of registry, are not kept in the village offices for months together?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: Certainly not. Every year there are two jamabandies and at that time all the registers are very carefuly scrutinised.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Are the Government aware that if these village officers are met at home, the process will be expedited?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: I do not know. If you go and adjust to their convenience, of course, they might expedite, because they have got a lot of other work too.

Mr. P. Sankara Menon *(Trichur-North)*: Are the Government aware that many petitions are put in Courts on the ground that copies of Settlement Register or copies of transfers, etc. are not received on account of the proverbial delay in the Revenue Department?

Rao Sahib A. Madhava Prabhu *(Diwon Peishkar)*: It is not correct.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Which?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: We are not responsible for the statements made by persones or for any allegations made behind our back. So far as copies are concerned, strict instructions are given that there should be no avoidable delay and every time we go for office inspeetion, we look into the registers and in fact we came across an instance in which there was a delay of more than two months. The reason given was that nobody appeared to receive copies. Then we issued instructions that in such cases copies may be sent by book-post payable by the parties. After that we have been getting no complaints with reference to such matters.

മിസ്റ്റർ പി. കെ. പോൾ: ഇപ്പോൾ അയ്യായിരത്തിൽ ചിലപ്പോൾ ഹർജികൾ ബാക്കിയുണ്ടല്ലൊ. ഇതു് ഡിസ്പോസ് ചെയ്യുവാൻ സ്റ്റാഫ് പോരായ്മയുണ്ടോ?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: In some places like Ernakulam, Mattancheri and Trichur, there was difficulty of staff, as the number of applications for transfers yearly was so many that it was impossible for the existing staff to cope with the work. We applied for extra staff and for this year, 1121, the post of one Menon for this work has been sanctioned for Mattancheri, Ernakulam and Trichur. We have got through a lot of work during this year.

മിസ്റ്റർ പി. ശങ്കരമേനോൻ: ഇനി മേലാലെങ്കിലും ഇത്ര ഹർജികൾ ബാക്കി വരാതിരിക്കാൻ വേണ്ട ഏർപ്പാട് ചെയ്യാമോ?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: If there is co-operation from those who apply, certainly everything possible will be done.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വില്ലേജ് ഉദ്യോഗസ്ഥന്മാർക്ക് റവന്യൂ ജോലി കൂടാതെ ഇപ്പോൾ കൂടുതൽ വല്ല ജോലിയും കൊടുക്കുന്നുണ്ടോ?

റാവു സാഹിബ് എ. മാധവ പ്രഭു: ധാരാളം കൊടുക്കുന്നുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അവർക്ക് അതിനു വല്ല പ്രതിഫലവും കൊടുക്കുന്നുണ്ടോ?

Rao Sahib A. Madhava Prabhu *(Diwan Peishkar)*: The question of remuneration is not a thing which arises out of this question.

Mr. President: I do not think that is relevant to this question.

RATION CARD-CHECKING—ALLOWANCE TO TEACHERS

356. ചൌധരി ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവൺമെണ്ടു താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി പറയുമോ.—

(എ) കഴിഞ്ഞതവണ റേഷൻകാർഡുകൾ പരിശോധിക്കുവാൻ നിയോഗിച്ചിരുന്ന അദ്ധ്യാപകന്മാർക്ക് അലവൻസ്സ് കൊടുത്തു തീർത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി എത്രപേർക്ക് ബാക്കിയുണ്ട്;

(സി) ഇത്രയും കാലമായി അലവൻസ്സ് കൊടുക്കാതിരിക്കുവാനുള്ള കാരണം എന്തു?

റാവു സാഹിബ് എം. എം. പോൾ:

(എ) ഇല്ല.

(ബി) 8൨൬ പേർക്ക് ബാക്കിയുണ്ട്.

(സി) ഇതിൽ ൨൭ അദ്ധ്യാപകന്മാർ സംഖ്യ കൊടുക്കുന്ന സമയം സ്ഥലത്തില്ലാത്തതിനാലും അവരുടെ മേൽവിലാസം നിശ്ചയമില്ലാത്തതിനാലും അപ്പോൾ സംഖ്യ കൊടുക്ക

LIBRARY ARCHIVES Kerala Legislative Assembly